**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2737** **24-02-2026 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നൽകുന്ന വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽ സഹായം എന്നിവയ്ക്കുള്ള അപേക്ഷകളിൽ എത്ര കുടിശ്ശികയുണ്ടെന്ന് ബ്ലോക്ക് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; എന്നുമുതലുള്ള കുടിശ്ശികയാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ; | (എ) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) | മലപ്പുറം ജില്ലയിൽ 2022-23 സാമ്പത്തിക വർഷം സേഫ് പദ്ധതിക്കുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച് ലഭ്യമായ അപേക്ഷകൾ ഉൾപ്പെടുത്തി മാസ്റ്റർ ലിസ്റ്റ് തയ്യാറാക്കിയിരുന്നുവോ; എങ്കിൽ ഈ ലിസ്റ്റിൽ നിന്ന് എത്രപേർക്ക് സഹായം നൽകിയെന്ന് ബ്ലോക്ക് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | മലപ്പുറം ജില്ലയിൽ 2022-23 സാമ്പത്തിക വർഷം സേഫ് പദ്ധതി പ്രകാരം വിജ്ഞാപനം പ്രസിദ്ധീകരിച്ച്, മാസ്റ്റർ ലിസ്റ്റ് തയ്യാറാക്കിയിരുന്നു. സേഫ് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചതിന്റെ ബ്ലോക്ക് തിരിച്ചുള്ള വിശദാംശം **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (സി) | ഇല്ലെങ്കിൽ 2022-23 സാമ്പത്തിക വർഷം സേഫ് പദ്ധതിയിൽ പുതിയ അപേക്ഷകൾ ക്ഷണിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (സി) | മാസ്റ്റർ ലിസ്റ്റ് നിലവിലുള്ളതിനാൽ 2022-23 സാമ്പത്തിക വർഷം സേഫ് പദ്ധതിയിൽ പുതിയ അപേക്ഷകൾ ക്ഷണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | ബ്ലോക്ക് | സേഫ് പദ്ധതിപ്രകാരം ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | പെരിന്തൽമണ്ണ | 155 |
| 2 | കൊണ്ടോട്ടി | 207 |
| 3 | നിലമ്പൂർ | 86 |
| 4 | തിരൂർ | 44 |
| 5 | അരീക്കോട് | 294 |
| 6 | പൊന്നാനി | 106 |
| 7 | മഞ്ചേരി മുനിസിപ്പാലിറ്റി | 51 |
| 8 | വേങ്ങര | 56 |
| 9 | താനൂർ | 45 |
| 10 | തിരൂരങ്ങാടി | 71 |
| 11 | മലപ്പുറം | 40 |
| 12 | വണ്ടൂർ | 91 |
| 13 | കുറ്റിപ്പുറം | 74 |
| 14 | പെരുമ്പടപ്പ് | 56 |
| 15 | കാളികാവ് | 70 |
| 16 | മങ്കട | 47 |
| 17 | പൊന്നാനി മുനിസിപ്പാലിറ്റി | 13 |

Anju. K. R

**സെക്ഷൻ ഓഫീസർ**